LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് കേരളയുടെ കണക്ക് പ്രകാരം 2012-13-ൽ കേരളത്തിലെ റബ്ബർ ഉല്പാദനം 800050 മെട്രിക് ടണ്ണാണ്. 2011-12-ൽ കേരളത്തിലെ റബ്ബർ ഉല്പാദനം 798940 മെട്രിക് ടണ്ണും 2010-11-ൽ ഇത് 770580 മെട്രിക് ടണ്ണുമാണ്.

(ബി) സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നുകൊണ്ടിരിക്കുന്ന നില ആരംഭിച്ചത് 2012-ന് ശേഷമാണ്.

(സി) ഇല്ല.

(ഡി) ഉണ്ട്. 6-11-2014 മുതലാണ് അഞ്ച് രൂപ കൂടുതൽ നൽകി റബ്ബർ സംഭരിക്കുന്നതിന് തീരുമാനിച്ചത്.

(ഇ) 27-11-2014 വരെ റബ്ബർ മാർക്ക് 585.5 ടണ്ണും മാർക്കറ്റ് ഫെഡ് 390.8 ടണ്ണും ഉൾപ്പെടെ ആകെ 976.3 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർ മാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ് ഫെഡ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2013-14-ൽ വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ (കൈകാര്യച്ചെലവും റബ്ബർ വില വ്യത്യാസവും ഉൾപ്പെടെ) 4 കോടി രൂപ കൃഷി വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. 23-10-2014-ലെ സ.ഉ.(സാധാ) നമ്പർ 576/2014/സഹ. പ്രകാരം 5 കോടി രൂപ സംഭരണ ഏജൻസികൾക്ക് സഹകരണ വകുപ്പ് അനുവദിച്ചിട്ടുണ്ട്.

നീരയുടെ ഉൽപ്പാദനം

259 (1699) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീരയുടെ ഉല്പാദനം, വിതരണം ഇവ ലക്ഷ്യമിട്ട് നാളികേര വികസന ബോർഡിന് കീഴിൽ എത്ര സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സൊസൈറ്റികൾക്ക് നീര ഉല്പാദനത്തിനും, വിപണനത്തിനുമുള്ള ലൈസൻസ് അനുവദിക്കുന്നതിന് നിലവിൽ എന്തെല്ലാം തടസ്സങ്ങളുണ്ട് ; വ്യക്തമാക്കുമോ ;

(സി) നീരയുടെ ഉല്പാദനവും, വിതരണവും സാർവ്വത്രികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ സ്ഥാപനമായ നാളികേര വികസന ബോർഡുമായി ബന്ധപ്പെട്ട വിവരങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല.

(സി) നീരയുടെ ഉല്പാദനവും വിതരണവും സാർവ്വത്രികമാക്കുന്നതിലേക്ക് തെങ്ങ് കൃഷി കൂടുതൽ ആദായകരമായി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സഹകരണസംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടുകൂടി കൃഷി, എക്സൈസ് വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്. 18-11-2014 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 2051/2014/കൃഷി പ്രകാരം നീര ഉല്പാദനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമായി ആറ് അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും രൂപീകരിച്ചിട്ടുള്ള നാളികേര-നീര ബോർഡിന്റെ ആക്ഷൻ പ്ലാൻ രൂപീകരണത്തിനുള്ള യോഗങ്ങൾ ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. നീര ഉല്പാദനത്തിനുള്ള സാങ്കേതിക വിദ്യ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീര (കേരാമൃതം), തെങ്ങിൻ പൂക്കുലയിൽ നിന്നും കേരചക്കര എന്നിവയുടെ ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി 3 പൈലറ്റ് പ്രോജക്ടുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യ പ്രോജക്ട് നീലേശ്വരം കാമ്പസിൽ നടപ്പിലാക്കിവരുന്നു. പ്രോജക്ടിനായി 45 ലക്ഷം രൂപയാണ് 2013-14-ൽ നൽകിയിരുന്നത്. ഒന്നാം പൈലറ്റ് പ്രോജക്ടിന്റെ പൂർത്തീകരണത്തിനും വിപണനം ശക്തിപ്പെടുത്തുന്നതിനുമായി 265 ലക്ഷം രൂപയുടെ പ്രോജക്ടിന് സർക്കാർ അനുമതി നൽകുകയും 85 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയും 45 ലക്ഷം നീരയുടെ വിപണനത്തിനായി നാളികേര വികസന കോർപ്പറേഷനും നൽകിക്കൊണ്ട് നീര ഉല്പാദനവും വിപണനവും സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. കാർഷിക സർവ്വകലാശാലയുടെ ഔട്ട്ലെറ്റുകളുടെയും നാളികേര വികസന കോർപ്പറേഷന്റെ വില്പന കേന്ദ്രങ്ങളിലൂടെയും ഇപ്പോൾ വിപണനം നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly